ശ്രീ. പി. ടി. ചാക്കോ : ഡാക്ടർ ഇങ്ങനെയുള്ള കേസ്സുകളിൽ പ്രധാന സാക്ഷിയാണു്. മുങ്ങിമരിച്ചതാണെന്നു ഡാക്ടർ കോടതിയിൽ സർട്ടിഫിക്കറു കൊടുത്താൽ പിന്നെ അന്വേഷണംകൊണ്ടു പ്രയോജനമില്ല. എങ്കിലും അന്വേഷണം നടത്താറുണ്ടു്. രണ്ടു കേസ്സുകളിൽ ഡാക്ടർ സർട്ടിഫിക്കറിനു് എതിരായി ദേഹോപദ്രവത്തിനു് കേസ്സു ചാർജ്ജുചെയ്തിട്ടുണ്ടു്. അങ്ങനെ ബോദ്ധ്യപ്പെട്ടതുകൊണ്ടു് ചാർജ്ജുചെയ്തു. മാഹിയിലെ ആറ്റിൽ നിന്നാണു് ശവം എടുത്തതു്. വെള്ളം കുടിച്ചു് മരിച്ചതാണെന്നു് കണ്ടു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മുങ്ങിമരിച്ചതും, മുക്കിക്കൊന്നതും വെള്ളംകുടിച്ചു് മരിച്ചതാകുകയില്ലേ ?

ശ്രീ. പി. ടി. ചാക്കോ : മുക്കിക്കൊന്നതാകത്തക്ക സാഹചര്യമുണ്ടെങ്കിൽ കേസു അന്വേഷിച്ചു് അതു് തെളിവിൽ കൊണ്ടുവരണം.

ഡൻറൽ കാളേജിൽ നിന്നും പാസ്സായവർ

* 910. [51] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസംസ്ഥാനത്തിലെ തിരുവനന്തപുരം 'ഡൻറൽ' കാളേജിൽനിന്നും എത്രപേർ പരീക്ഷ പാസ്സായി;

(ബി) പാസ്സായവരുടെ പേരും മേൽവിലാസവും എന്താണു്;

(സി) ഒരു വിദ്യാർത്ഥിയുടെ പരിശീലനത്തിനു് എത്ര ഉറുപ്പിക വീതം ഗവണ്മെൻറിനു ചെലവായി;

(ഡി) ഇവർക്കു് ജോലി കിട്ടാതായിട്ടു് എത്രമാസമായി;

(ഇ) ഓരോ വിദ്യാർത്ഥിയും എത്ര കൊല്ലത്തെ പരിശീലനം നടത്തണം; ഇതിലേക്കു് അവർ എത്ര രൂപവീതം ചെലവഴിച്ചുകാണും?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നാലുപേർ.

(ബി) 1. ഈ. കെ. പരമേശ്വരൻനായർ, എടഞ്ഞിലവീടു്, ഇരിമൂടു്, ആര്യനാടു്.

2. ആർ. ഹരിദാസു്, കരുണാകരാ ബിൽഡിംഗ്സു്, ആയിൽമിൽ റോഡു്, തമ്പാനൂർ, തിരുവനന്തപുരം.

3. കെ. ജെ. ബേസിൽ, കട്ടങ്ങംപറമ്പിൽ, ചെറിയ കടവു്. കണ്ണനാലി, പി. ഒ. കൊച്ചി.

4. വി. കെ. കലേശൻ, വയലിപ്പറമ്പിൽവീടു്, പുത്തൻ കാളനി, തേവര, എറണാകുളം.

(സി) കെട്ടിടത്തിനും ഉപകരണങ്ങൾക്കും പുറമേ ആണ്ടുതോറും ഉദ്ദേശം 1,800 രൂപവീതം 4 വർഷത്തേക്കു് 7,200 രൂപയോളം ഒരു വിദ്യാർത്ഥിക്കു് ഗവണ്മെൻറു ചെലവുചെയ്യുന്നു.

(ഡി) ഇവരിൽ ഒരാൾ ഒഴിച്ചു് ബാക്കിയുള്ളവർ ഇപ്പോൾ ഉദ്യോഗത്തിലാണു്.

(ഇ) നാലുകൊല്ലം. 6,400 രൂപയോളം.

ശ്രീ. കെ. ആർ. വിജയൻ: താലൂക്കു് ഹെഡ്ക്വാർട്ടേഴ്സു് ആശുപത്രികളിൽ ഡെൻറൽ യൂണിറ്റു സ്ഥാപിച്ചു് ഓരോ ഡാക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടിയെടുക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഗവണ്മെൻറിനു അങ്ങനെ ഒരു ആലോചനയുണ്ട്.

ശ്രീ. ആർ. സുഗതൻ: ഡിസ്പെൻസറി ആശുപത്രികളിലെല്ലാം ഇന്നു ഡാക്ടറന്മാരെ നിയമിക്കാൻ തയാറാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതുവരെയും കമ്പോളിഫൈഡ് ഹാൻഡ്സിനെ കിട്ടാതിരുന്നതുകൊണ്ട് ആണറി ഡാക്ടർമാരെ വച്ചിരിക്കുകയാണു്. കൂടുതൽ ആളുകളെ കിട്ടുന്നതനുസരിച്ചു് എല്ലാ ആശുപത്രികളിലും നിയമിക്കണമെന്ന ഗവണ്മെൻറിനു് അഭിപ്രായമുണ്ടു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഒരാൾ ഒഴിച്ചു് ബാക്കിയുള്ളവർ ഉദ്യോഗത്തിലാണെന്ന പറയുന്നു. ആ ഒരാൾ അപ്പൈ ചെയ്തില്ലേ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതറിയാൻ പാടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഓരോ ജില്ലാ ആശുപത്രിയിലും ഡെൻറൽ ഡാക്ടറന്മാരുടെ തസ്തികകളും ഉണ്ടോ ? ഉണ്ടെങ്കിൽ പി. എസ്.സി. സെലക്ടു ചെയ്യുന്ന ആളുകളെയാണോ വയ്ക്കുന്നതു്. ചില ആശുപത്രികളിൽ ആണറി ഡാക്ടറന്മാർ കൂടികെട്ടി പാർക്കുകയാണെന്നും, എന്തു പറഞ്ഞാലും അവർ അവിടെ നിന്നും ഒഴിയുകയില്ലെന്നും, അതുകൊണ്ടു് പാസ്സാകുന്ന ആളുകൾക്കു് ജോലികിട്ടാതെവരുന്നുവെന്നുമുള്ളതു് വാസ്തവമാണോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ ഒരിടത്തും കൂടികെട്ടി പാർക്കുന്നൊന്നുമില്ല. ഓരോ ജില്ലാ ആശുപത്രിയിലും നാലുപ്പേസാണുള്ളതു്. ഒന്നു് സർജറിക്കു്, ഒന്നു് മെഡിസിനു്, ഒന്നു് Maternity, ഒന്നു് ഏതെങ്കിലും ഒരു specialist ഇതുവരെയും ഫുൾടൈം ആയി നിയമിക്കാത്തതു് ആവശ്യമുള്ള കമ്പോളിഫൈഡു് ഹാൻഡ്സു് ഇല്ലാത്തതുകൊണ്ടാണു്. കൂടുതൽ കമ്പോളിഫൈഡ് ഹാൻഡ്സിനെ കിട്ടുമ്പോൾ എല്ലാ ആശുപത്രികളിലും നിയമിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

Varkala Water supply Scheme.

* 911. [52] **Shri Parayil Shamsuddin**: Will the Minister for Public Health be pleased to state:

(a) whether the work of Varkala Water Supply Scheme has been suspended;

(b) If so, why; and

(c) will the Government be pleased to take necessary steps to complete the work soon?

Minister for Public Health **(Shri M. P. Govindan Nair)**:

(a) No. As the land required for construction of over head tank and pump house has not been acquired there is delay in the work. Delay is also caused due to non availability of the required pipes and specials.

(b) Does not arise in the light of answer to (a).

(c) Steps are taken to complete and commisssion the scheme as expediously as possible.

LIBRARY ARCHIVES Kerala Legislative Assembly